തൃശ്ശൂർ നഗരവികസന അതോറിറ്റിയിലെ അനൗദ്യോഗികാംഗങ്ങൾ

1313. [1773] ശ്രീ. കെ. പി. പ്രഭാകരൻ :
,, കെ. ടി. കണാരൻ :
ഡോ. എ. സുബ്ബറാവു :
ശ്രീ. കെ. ടി. കുമാരൻ :
,, പി. കുമാരൻ :
,, എം. കെ. കേശവൻ :
,, കെ. വി. സുരേന്ദ്രനാഥ് :
,, കാനം രാജേന്ദ്രൻ :
,, കെ. ഇ. ഇസ്മയിൽ :
,, വി. കെ. രാജൻ :
,, കെ. ആർ. ചന്ദ്രമോഹനൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ നഗര വികസന അതോറിറ്റിയിലേക്കുള്ള അനൗദ്യോഗികാംഗങ്ങളെ നിയമിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് 1985 ജൂൺ മാസത്തിൽ അതോറിറ്റിയോഗം അംഗീകരിച്ച പ്രമേയം ഗവൺമെൻറിന് ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അനൗദ്യോഗിക അംഗങ്ങളെ നിയമിക്കാതിരിക്കാൻ കാരണമെന്താണ് ?

ഉത്തരം

(എ) അതോറിറ്റിയിൽ നിന്നും ഒരു നിവേദനം ലഭിച്ചിട്ടുണ്ട്.

(ബി) അനൗദ്യോഗിക അംഗങ്ങളെ നിയമിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

കോഴിക്കോട് വികസന അതോറിറ്റിയിലെ ജീവനക്കാർ

1314. [1784] ശ്രീ. രാഘവൻ പൊഴക്കടവിൽ :
,, തെന്നല ജി. ബാലകൃഷ്ണപിള്ള :
,, ബന്നി ബഹനാൻ :
,, രമേശ് ചെന്നിത്തല :
,, കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കോഴിക്കോട് വികസന അതോറിറ്റിയിലെ ജീവനക്കാർക്ക് കെ. എസ്. ആർ. പാർട്ട് 3 അനുസരിച്ച് പെൻഷൻ അനുവദിക്കാമെന്ന് 1983-ൽ ജീവനക്കാരുടെ സംഘടനയുമായി ഗവ: നടത്തിയ ചർച്ചയിൽ സമ്മതിച്ചിരുന്നുവോ ;

(ബി) എങ്കിൽ ആ തീരുമാനം നടപ്പാക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നത് എന്തുകൊണ്ടാണ് ?

ഉത്തരം

(എ) പരിഗണിക്കാമെന്ന് ചർച്ചയിൽ സമ്മതിച്ചിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) തൻമൂലമുണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യത വഹിക്കുവാൻ വികസന അതോറിറ്റിക്ക് കഴിവില്ലാത്തതുകൊണ്ടും ഗവൺമെൻറിന് അത് ഏറ്റെടുക്കുവാൻ ബുദ്ധിമുട്ടുള്ളതുകൊണ്ടും ആണ് തീരുമാനമെടുക്കുവാൻ കാലതാമസം ഉണ്ടാകുന്നത്.

കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിയിൽ എഞ്ചിനീയറുടെ നിയമനം

1315. [1785] ശ്രീ. കെ. പുരുഷോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിയിൽ എഞ്ചിനീയറെ നിയമിക്കാത്തതുകൊണ്ട് മരാമത്ത് പണികൾ മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിയിൽ എഞ്ചിനീയറെ അടിയന്തിരമായി നിയമിക്കുവാൻ നടപടിയെടുക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യം സർക്കാരിൻറെ പരിഗണനയിലാണ്.

പഞ്ചായത്ത് ഇൻസ്പെക്ടർമാരുടെ സീനിയോറിറ്റി ലിസ്റ്റ്

1316. [1786] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) 1-4-1986-ൽ പ്രസിദ്ധപ്പെടുത്തിയ പഞ്ചായത്ത് ഇൻസ്പെക്ടർമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ 31-10-1980-ലെ ജി. ഒ. എം. എസ്. നമ്പർ 267/80/എൽ. എ. ആൻറ് എസ്. ഡബ്ല്യു. ഡി എന്ന ഉത്തരവ് പ്രകാരം 20-6-1978 വെച്ച് 2:5 അനുപാതം പരിഗണിച്ചില്ലെന്ന് പറഞ്ഞ് പഞ്ചായത്ത് ഇൻസ്പെക്ടർമാരിൽ നിന്ന് പരാതി കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ പരാതികൾ കണക്കിലെടുത്ത് 1-4-1984-ലെ സീനിയോറിറ്റി ലിസ്റ്റ് പുന:പരിശോധന നടത്തി പരാതികൾ പരിഹരിച്ച് 1-4-1985 മുതലുള്ള മുൻകാല പ്രാബല്യത്തോട് കൂടി പഞ്ചായത്ത് ഇൻസ്പെക്ടർമാരുടെ പുതിയ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുവാൻ ഗവൺമെൻറ് നടപടികൾ എടുക്കുമോ ?

ഉത്തരം

(എ) പരാതി കിട്ടിയതായി കാണുന്നില്ല. 2:5 എന്ന അനുപാതം കണക്കിലെടുത്തു കൊണ്ടാണ് പഞ്ചായത്ത് ഇൻസ്പെക്ടർമാരുടെ പ്രമോഷൻ നടത്തിയിട്ടുള്ളത് 1-4-1984-ലെ സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

(ബി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly